# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3075 22.6.2012-ൽ മറുപടിയ്ക്ക്**

## കന്നുകാലി സമ്പത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) | |
| എ) | സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ; | എ) | വ്യക്തമാക്കാം. .മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ക്ഷീരധാര, ഗോസുരക്ഷ, ഗോസമൃദ്ധി , ഹൈടെക് ഫാം |
| ബി) | പശു, എരുമ, ആട് മുതലായ മൃഗങ്ങളുടെ ഗർഭധാരണം മുതൽ പ്രസവം വരെയുള്ള കാലയളവിൽ ഇവയുടെ സംരക്ഷണത്തിന് സൗജന്യ നിരക്കിൽ കാലിത്തീറ്റയും മറ്റും കൃഷിക്കാർക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | ബി) | 2011 - 12 ൽ സമഗ്ര കന്നുകാലി വികസന പദ്ധതിയിലൂടെ കർഷകർക്ക് ഗർഭിണി കിടാരികളെ നൽകുകയും, പ്രസവത്തിന് മുന്നോടിയായുള്ള മൂന്നുമാസ കാലയളവിലേയ്ക്ക് തീറ്റ സൗജന്യ നിരക്കിൽ നൽകുകയും ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആടുകളെ വിതരണം ചെയ്യുന്ന പദ്ധതികളുമുണ്ട്. തീറ്റ വിതരണം നടത്തുന്നില്ല |

Seele

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### 1. പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി

കന്നുക്കുട്ടികളുടെ ജനന രജിസ്ട്രേഷൻ നടത്തുകയും ര ണ്ടു മുതൽ മുപ്പത് മാസം വരെ പ്രായമുള്ള കന്നുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ ഗുണനിലവാരമുള്ള തീറ്റയും വിര മരുന്നും ഇൻഷ്വറൻസ് പരിരക്ഷയും നൽകി ശാസ്ത്രീയമായി വളർത്തുന്നതു വഴി ഉല്പാദന ശേഷി കൂടിയ കന്നുകാലികളാക്കി മാറ്റുന്ന പദ്ധതി. ഈ വർഷം ഒരു ലക്ഷം കന്നുക്കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതാണ്.

### 2. ഊർജ്ജിത കന്നുകാലി വികസന പദ്ധതി

കൃത്രിമ ബീജസങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഗുണമേന്മ ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതി, കന്നുകാലികളിലെ വന്ധ്യതാ നിവാരണ പരിപാടികളും പശുക്കൾക്ക് വിരരോഗ നിയന്ത്രണത്തിനുള്ള മരുന്ന്, ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്യുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

3. **കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മേൽത്തരം ഗർഭിണി കിടാരികളെ പുതുതായി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.**
4. **കുട്ടനാട്, ഇടുക്കി തുടങ്ങിയ സ്പെഷ്യൽ പാക്കേജുകളുടെ ഭാഗമായി ഉൽപ്പാദന ക്ഷമത കൂടിയ പശുക്കളെ കർഷകർക്ക് വിതരണം ചെയ്യുക വഴി കന്നുകാലി സമ്പത്ത് വർദ്ധിപ്പിച്ചിട്ടു ണ്ട്.**

Seele

സെക്ഷൻ ഓഫീസർ